# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 769 08.03.2012 - ൽ മറുപടിക്ക്

## ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ജി.എസ്.ജയലാൽ | | ശ്രീ. പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ നിലവിലുള്ള കുടിവെള്ള പദ്ധതികൾ ഏതൊക്കെയാണ്; | (എ) | ചാത്തന്നൂർ നിയോജന മണ്ഡലത്തിലെ നിലവിലുള്ള കുടിവെള്ളപദ്ധതികൾ താഴെ പറയുന്നു.<br>1. ആദിച്ചനല്ലൂർ ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി.<br>2. നെടുങ്ങോലം ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി.<br>3. കല്ലുവാതുക്കൽ - പാരിപ്പള്ളി ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി.<br>4. കളക്കോട് ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി.<br>5. കൂനയിൽ ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി.<br>6. പരവൂർ ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി<br>7. ജപ്പാൻ ഇന്റർനാഷണൽ കോ-ഓപ്പറേറ്റീവ് ഏജൻസി (ജിക്ക) സഹായത്തോടെയുള്ള മീനാട് കുടിവെള്ള പദ്ധതി |
| (ബി) | ഓരോ പദ്ധതിയിലും സ്ഥാപിച്ചിട്ടുള്ള മോട്ടോറുകളുടെ നിലവിലുള്ള പ്രവർത്തനക്ഷമത വിലയിരുത്തിയിട്ടുണ്ടോ ; | (ബി) | ഉണ്ട്. |
| (സി) | കാര്യക്ഷമമായി പ്രവർത്തനം നടത്തുവാൻ കഴിയാത്ത പദ്ധതികൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ ; | (സി) | എല്ലാ പദ്ധതികളും കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു. |
| (ഡി) | നിലവിലുള്ള ശുദ്ധജല വിതരണ പദ്ധതികളിൽ തകരാറുകൾ സംഭവിച്ചാൽ ആയത് എത്രയും പെട്ടെന്ന് പരിഹരിക്കുവാൻ ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; ഇതിന് ആവശ്യമായി വരുന്ന തുക വിനിയോഗിക്കാനുള്ള അധികാരം ഈ ഉദ്യോഗസ്ഥന് നൽകിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ ? | (ഡി | നിലവിലുള്ള ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി.കളിൽ തകരാറുകൾ സംഭവിച്ചാൽ ആയത് എത്രയും പെട്ടെന്ന് പരിഹരിക്കുവാൻ അസിസ്റ്റന്റ് എഞ്ചിനീയറെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. ഇതിന് ആവശ്യമായി വരുന്ന തുക വിനിയോഗിക്കുന്നതിനുള്ള അധികാരം ഈ ഉദ്യോഗസ്ഥന് നൽകിയിട്ടില്ല. ഇപ്രകാരം ആവശ്യം വരുന്ന തുക അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ വഴിയാണ് നൽകുന്നത്. |

സെക്ഷൻ ഓഫീസർ